**പതിനാലാം കേരള നിയമസഭ**
**പതിനെട്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1066.** **05.02.2020 ൽ മറുപടിയ്ക്ക്**

**ലഹരിവിമുക്ത കേരളം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.അനിൽ അക്കര**<br>**ശ്രീ.അൻവർ സാദത്ത്**<br>**ശ്രീ.വി.ടി.ബൽറാം**<br>**ശ്രീ.എം.വിൻസന്റ്** | | **ശ്രീ.ടി.പി. രാമകൃഷ്ണൻ**<br>**(തൊഴിലും എക്സൈസും വകുപ്പുമന്ത്രി)** | |
| (എ) | ലഹരിവിമുക്ത കേരളം ലക്ഷ്യമാക്കി സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന പദ്ധതികൾ എന്തൊക്കെയാണ്; | (എ) | എക്സൈസ് വകുപ്പ് നേരിട്ടും കേരള സംസ്ഥാന ലഹരി വർജ്ജന മിഷൻ വിമുക്തി പദ്ധതി മുഖാന്തിരവും മദ്യ ഉപയോഗം കുറയ്ക്കുവാനും അതോടൊപ്പം എല്ലാവിധ ലഹരി വസ്തുക്കളുടെ ഉപഭോഗത്തിനെതിരെയും, സർക്കാർ വകുപ്പുകൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, കുടുംബശ്രീ, സംസ്ഥാന ലൈബ്രറി കൗൺസിൽ, സംസ്ഥാന സ്പോർട്സ് കൗൺസിൽ, റസിഡന്റ്സ് അസ്സോസ്സിയേഷനുകൾ, സ്കൂൾ-കോളേജ് ലഹരി വിരുദ്ധ ക്ലബ്ബുകൾ, സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ്, എൻ.എസ്.എസ്., എൻ.സി.സി., മദ്യവർജ്ജന സമിതികളടക്കമുള്ള സന്നദ്ധ സംഘടനകൾ, വിദ്യാർത്ഥി-യുവജന-മഹിളാ സംഘടനകൾ, എന്നിങ്ങനെ സമഗ്രമേഖലയിലുമുള്ള പൊതുജനപങ്കാളിത്തത്തോടുകൂടി ശക്തമായ പ്രചരണ പ്രവർത്തനങ്ങൾ നടത്തി ലഹരി മുക്തമായ ഒരു നവകേരളം സൃഷ്ടിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ശക്തമായ എക്സൈസ് എൻഫോഴ്സ്മെന്റ് പ്രവർത്തനവും ഇതോടൊപ്പം നടത്തി വരുന്നു. |
| (ബി) | ലഹരിവിമുക്ത ബോധവൽക്കരണ പ്രവർത്തനങ്ങൾക്കായി കോടികൾ മുടക്കുമ്പോൾ മറുഭാഗത്ത് സംസ്ഥാനത്തുടനീളം പുതിയ ബാറുകൾക്ക് അനുമതി നൽകി അവരിൽ നിന്നും ലൈസൻസ് ഫീ ഇനത്തിൽ കോടികൾ ഈടാക്കുന്ന നടപടി ന്യായീകരിക്കാവുന്നതാണോ എന്ന് വ്യക്തമാക്കാമോ; | (ബി) | സംസ്ഥാന സർക്കാരിന്റെ മദ്യനയം മദ്യനിരോധനമല്ല. മദ്യവർജ്ജനത്തിലൂടെ മദ്യ ഉപയോഗം കുറയ്ക്കുക എന്നതാണ് സർക്കാർ ലക്ഷ്യമിടുന്നത്. ബാറുകൾ അടച്ചു പൂട്ടുന്നതിലൂടെ സംസ്ഥാനത്തെ മദ്യ ഉപയോഗം കുറയ്ക്കാൻ കഴിയില്ല എന്ന് കഴിഞ്ഞ കാലഘട്ടങ്ങളിലെ അനുഭവത്തിൽ നിന്നും വ്യക്തമായതാണ്. മാത്രമല്ല ബാറുകൾ പൂട്ടിയ അവസരത്തിൽ മയക്കു മരുന്നുകളടക്കമുള്ള മറ്റ് ലഹരി വസ്തുക്കളുടെ ഉപയോഗം വർദ്ധിച്ചിരുന്നതായും കാണാം. ഇതുകൂടാതെ സംസ്ഥാനത്തെ വിനോദ സഞ്ചാര |

| | | | |
|---|---|---|---|
| | | | മേഖലയുടെ വളർച്ചയിലും ബാറുകൾ പൂട്ടിയത് ഗണ്യമായ ഇടിവുണ്ടാക്കിയിട്ടുണ്ട്. ബാറുകളിൽ നിന്നും ലഭിക്കുന്ന വരുമാനത്തേക്കാൾ അതു പൂട്ടിയിടുമ്പോൾ സാമൂഹിക, തൊഴിൽ, വിനോദ സഞ്ചാര മേഖലകളിൽ ഉണ്ടാകുന്ന പ്രത്യാഘാതം പരിഗണിച്ചാണ് ഈ സർക്കാർ മദ്യനയത്തിന് രൂപം നൽകിയിട്ടുളളത്. ബോധവത്കരണ പ്രവർത്തനങ്ങൾക്ക് സർക്കാർ മുന്തിയ പരിഗണനയാണ് നൽകുന്നത്. ജനങ്ങൾക്കിടയിൽ പ്രത്യേകിച്ച് വിദ്യാർത്ഥികൾക്കിടയിലും യുവജനങ്ങൾക്കിടയിലും വ്യാപകമായ ബോധവത്കരണ പരിപാടികൾ സർക്കാർ നടത്തുന്നുണ്ട്. ഇത്തരം പ്രവർത്തനങ്ങൾ ജനങ്ങൾക്കിടയിൽ വലിയ സ്വാധീനം ചെലുത്തുന്നുണ്ട്. ഇതുവഴി ലഹരി ഉപയോഗം കുറയ്ക്കുവാനും മദ്യവർജ്ജന ലക്ഷ്യം കൈവരിക്കുവാനുമാണ് സർക്കാർ ഉദ്ദേശിക്കുന്നത്. |
| (സി) | വിമുക്തി പദ്ധതിക്കായി ഇതിനകം എത്ര തുകയാണ് സർക്കാർ ചെലവഴിച്ചത്; വിശദമാക്കാമോ ? | (സി) | സർക്കാർ വിമുക്തി പദ്ധതിക്കായി 28,95,86,119 രൂപ നാളിതുവരെ ചെലവഴിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ